ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ബീച്ച് ബ്യൂട്ടിഫിക്കേഷന്റെ ഭാഗമായി ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം പൂർത്തിയായി വരുന്നു. കൂടുതൽ പബ്ലിക് ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് നടപടിയെടുത്തു വരുന്നു. കൂടാതെ ബീച്ച് ഏരിയായിൽ പബ്ലിക് ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ള Skyline builders, Sulabb എന്നീ സ്വകാര്യ സംരഭകരുമായി ചർച്ചകൾ നടന്നു വരുന്നു.

വഖഫ് ബോർഡ് അഴിമതി

212 (1970) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഖഫ് ബോർഡ് അഴിമതിയുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ :

(ബി) അന്യാധീനപ്പെട്ട ഭൂമി തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വഖഫ് അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിന് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇക്കാര്യം ബോർഡ് പരിശോധിച്ചു വരുന്നു.

(ബി) അന്യാധീനപ്പെട്ട വഖഫ് ഭൂമി തിരിച്ച് പിടിക്കുന്നതിന് 1996-ലെ വഖഫ് ആക്ട് 52, 54, 1996-ലെ കേരള വഖഫ് റൂൾ 96, 96 (C) എന്നിവ പ്രകാരം ബോർഡിൽ നിന്നും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

വഖഫ് ബോർഡ് ജീവനക്കാർക്ക് പെൻഷൻ

213 (1971) ശ്രീ. പി. എം. എ. സലാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വഖഫ് ബോർഡ് ജീവനക്കാർക്ക് പെൻഷൻ അനുവദിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കാര്യത്തിൽ അനുകൂല തീരുമാനമെടുക്കാനുള്ള തടസ്സമെന്താണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly